LIBRARY ARCHIVES Kerala Legislative Assembly

വ്യവസായംമൂലം തൊഴിൽ ലഭിച്ചവർ

14 [949] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം ; എത്ര പേർക്ക് തൊഴിൽ ലഭിച്ചു :

(ബി) കോഴിക്കോട് ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം ; തൊഴിൽ നഷ്ടപ്പെട്ടവർ എത്ര ; അടച്ച് പൂട്ടൽ ഭീഷണി നേരിടുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കൃഷി, തടി, ഭക്ഷ്യം, റെഡിമെയ്ഡ്, ബിൽഡിംഗ് മെറ്റീരിയൽസ്, പ്ലാസ്റ്റിക്, റബ്ബർ ബെയ്സ്ഡ്, സോഫ്റ്റ് വെയർ, സോപ്പ് നിർമ്മാണം, പേപ്പർ കപ്പ്, ഫ്ളോർ മിൽ എന്നിവ അടിസ്ഥാനമാക്കി 3218 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു. ഇതുമൂലം 9829 പേർക്ക് സ്ഥിരം തൊഴിൽ ലഭിച്ചു.

(ബി) കോഴിക്കോട് ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ 93 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ടൈൽ ആന്റ് ബ്രിക്സ്, റെഡിമെയ്ഡ്, ഭക്ഷ്യ അടിസ്ഥാന വ്യവസായങ്ങൾ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് അടിസ്ഥാനം, മിനറൽ വാട്ടർ, സോപ്പ് നിർമ്മാണം, സോഫ്റ്റ് വെയർ, സ്റ്റുഡിയോ, വുഡ് ഇൻഡസ്ട്രി, ലതർ ചെരുപ്പ് നിർമ്മാണം, പേപ്പർ കവർ, റബ്ബർ പോളിമേഴ്സ്, പെയിന്റ് ഇൻഡസ്ട്രി, മെറ്റൽ അടിസ്ഥാന വ്യവസായ യൂണിറ്റുകൾ തുടങ്ങിയവയാണ് അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ. ഇതുമൂലം 711 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഓട്, ഇഷ്ടിക വ്യവസായ യൂണിറ്റുകൾ, റെഡിമെയ്ഡ് യൂണിറ്റുകൾ, ലതർ ചെരുപ്പ് യൂണിറ്റുകൾ, പ്ലാസ്റ്റിക് കോമ്പോ ബോക്സ് നിർമ്മാണ യൂണിറ്റുകൾ, മര വ്യവസായ യൂണിറ്റുകൾ, വീവിംഗ് ഫാക്ടറികൾ, മെറ്റൽ വ്യവസായ യൂണിറ്റുകൾ, പോളിമേഴ്സ് തുടങ്ങിയ വ്യവസായ യൂണിറ്റുകളും കൈത്തറി നെയ്ത്തു സഹകരണ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നു.

സാമൂഹികക്ഷേമ വകുപ്പ് പുതുതായി ആവിഷ്കരിച്ച പദ്ധതികൾ

15 [950] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം സാമൂഹ്യക്ഷേമ വകുപ്പ് പുതുതായി ആവിഷ്കരിച്ച് നടപ്പാക്കിയ ക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം നഗരത്തിലെ കുമാരപുരത്ത് ശ്രീചിത്രാ പുവർ ഹോമിന്റെ അധീനതയിലുള്ള ഭൂമിയിൽ വൃദ്ധസദനം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ സ്ഥാപിക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുമോ ?